# ECHO OF HIS CALL

## വിളിയുടെ പ്രതിധ്വനി

ECHO OF HIS CALL 1969-2019 GOLDEN JUBILEE

**India's National Spiritual Newspaper**

MALAYALAM ₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAANS

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Mr. Benjamin Moses

Vol. XXVII — YEAR OF OUR LORD JESUS CHRIST, MARCH 2021 — No. 6


## വിശുദ്ധ വേദപുസ്തകം

**ദയവായി ഈ ഭാഗം മനഃപാഠമാക്കുക**

**കർത്താവിനു സ്തോത്രം**

**സങ്കീർത്തനങ്ങൾ 45:1–10**

01. എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു; എന്റെ കൃതി രാജാവിന്നു വേണ്ടിയുള്ളതു എന്നു ഞാൻ പറയുന്നു. എന്റെ നാവു സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ ആകുന്നു.
02. നീ മനുഷ്യപുത്രന്മാരിൽ അതിസുന്ദരൻ; ലാവണ്യം നിന്റെ അധരങ്ങളിന്മേൽ പകർന്നിരിക്കുന്നു; അതുകൊണ്ടു ദൈവം നിന്നെ എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു.
03. വീരനായുള്ളോവേ, നിന്റെ വാൾ അരെക്കു കെട്ടുക; നിന്റെ തേജസ്സും നിന്റെ മഹിമയും തന്നേ.
04. സത്യവും സൗമ്യതയും നീതിയും പാലിക്കേണ്ടതിന്നു നീ മഹിമയോടെ കൃതാർത്ഥനായി വാഹനമേറി എഴുന്നെള്ളുക; നിന്റെ വലങ്കൈ ഭയങ്കരകാര്യങ്ങളെ നിനക്കുപദേശിച്ചു തരുമാറാകട്ടെ.
05. നിന്റെ അസ്ത്രങ്ങൾ മൂർച്ചയുള്ളവയാകുന്നു; ജാതികൾ നിന്റെ കീഴിൽ വീഴുന്നു; രാജാവിന്റെ ശത്രുക്കളുടെ നെഞ്ചത്തു അവ തറെക്കുന്നു.
06. ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കും ഉള്ളതാകുന്നു; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നീതിയുള്ള ചെങ്കോലാകുന്നു.
07. നീ നീതിയെ ഇഷ്ടപ്പെട്ടു ദുഷ്ടതയെ ദ്വേഷിക്കുന്നു; അതുകൊണ്ടു ദൈവം, നിന്റെ ദൈവം തന്നേ, നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലംകൊണ്ടു അഭിഷേകം ചെയ്തിരിക്കുന്നു.
08. നിന്റെ വസ്ത്രമെല്ലാം മൂറും ചന്ദനവും ലവംഗവുംകൊണ്ടു സുഗന്ധമായിരിക്കുന്നു; ദന്തമന്ദിരങ്ങളിൽ നിന്നു കമ്പിനാദം നിന്നെ സന്തോഷിപ്പിക്കുന്നു.
09. നിന്റെ സ്ത്രീരത്നങ്ങളുടെ കൂട്ടത്തിൽ രാജകുമാരികൾ ഉണ്ടു; നിന്റെ വലത്തുഭാഗത്തു രാജ്ഞി ഓഫീർ തങ്കം അണിഞ്ഞു നില്ക്കുന്നു.
10. അല്ലയോ കുമാരീ, കേൾക്ക; നോക്കുക; ചെവി ചായ്ക്ക. സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്ക.

# “അനുതപിക്കുവിൻ” സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു

## REPENT FOR THE KINGDOM OF HEAVEN IS AT HAND

ബാപ്റ്റിസ്റ്റ്, പെന്തെക്കോസ്ത്, ഇവാഞ്ചലിക്കൽ സഭകൾ എന്നിവയിൽപോലും മാനസാന്തരം എന്ന വിഷയം, അല്ലെങ്കിൽ വാക്ക് വളരെ അപൂർവ്വമായി മാത്രമേ ഉപയോഗിച്ചു കാണുന്നുള്ളു. പാപത്തെക്കുറിച്ച് അനുതപിക്കുവാൻ പാസ്റ്റർമാർ തങ്ങളുടെ സഭകളോട് ആവശ്യപ്പെടുന്നില്ല. പകരമായി ഇന്ന് പല പുൽപുറ്റുകളിൽ നിന്നും കേൾക്കുന്ന സന്ദേശം “വിശ്വസിക്കുവിൻ, ക്രിസ്തുവിനെ സ്വീകരിക്കുവിൻ, നിങ്ങൾ രക്ഷിക്കപ്പെടും” എന്നാണ്. ഈ സന്ദേശത്തിന്റെ ഭാഗം നാം പ്രവൃത്തികൾ 16:25 മുതൽ 30 വരെയുള്ള വാക്യങ്ങളിൽ കാണുന്നു.

ഈ ഭാഗത്തിൽ നാം വായിക്കുന്നത്: അപ്പൊസ്തലനായ പൗലൊസിനെ കാരാഗ്രഹത്തിലടച്ചപ്പോൾ ഭൂമി കുലുങ്ങുകയും കാരാഗ്രഹവാതിൽ തുറക്കുകയും ചെയ്തു. തടവുകാരെല്ലാം ഓടിപ്പോയി എന്ന് ജയിലർ വിചാരിച്ചു. താൻ വധശിക്ഷയ്ക്കു വിധിക്കപ്പെടുമെന്നു കരുതി നിരാശയോടെ വാളെടുത്ത് സ്വയം മരിക്കുവാൻ ശ്രമിച്ചപ്പോൾ പൗലൊസ് അവനെ തടഞ്ഞിട്ട് ഞങ്ങളെല്ലാവരും ഇവിടെയുണ്ട് ഓടിപ്പോയിട്ടില്ല എന്നു പറഞ്ഞു.

“യജമാനന്മാരേ, രക്ഷപ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്ന് അവർ പറഞ്ഞു (പ്രവൃത്തി. 16:30,31)

ഈ ഭാഗത്തു നാം വായിക്കുന്നതുപോലെ ജയിലർ സ്വന്തം വാളുകൊണ്ട് തന്റെ ജീവനെടുക്കാൻ ശ്രമിക്കുകയായിരുന്നു. അപ്പോൾ പൗലൊസ് പറഞ്ഞതുകേട്ട് അനുതാപത്തോടെ, മുട്ടിന്മേൽ വിറയലോടെ നിന്നു. അവന്റെ ഹൃദയം യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കാൻ തയ്യാറെടുക്കുന്നു.

മർക്കൊസിന്റെ സുവിശേഷത്തിൽ യേശുക്രിസ്തു ശിഷ്യന്മാരോട് ഇങ്ങനെ പറയുന്നു: “വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവർ ശിക്ഷാവിധിയിൽ അകപ്പെടും” (മർക്കോസ് 16:16). ഇവിടെ യേശുക്രിസ്തു പറയുന്നതിലൂടെ ഒരു കാര്യം വ്യക്തമാണ്. യേശുവിൽ വിശ്വസിക്കുകയും സ്നാന

*3-ാം പേജിൽ തുടരും...*

# വിളിയുടെ പ്രതിധ്വനി - 1969 മുതൽ

## ഞങ്ങളുടെ നിയോഗം

**പ്രാചീന അപ്പൊസ്തലന്മാരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്ക് മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.**

**തമിഴ്, മലയാളം, ഇംഗ്ലീഷ്, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, പഞ്ചാബി, ഗുജറാത്തി, ഒറിയ, നേപ്പാളി, ഉറുദു, സിംഹളം, ആഫ്രിക്കൻസ് – മാസിക**



**“ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെ ഉണ്ട്”** (യെശയ്യാവ് 43:5)

ക്രിസ്തുയേശുവിൽ പ്രിയ സ്നേഹിതാ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അതിപരിശുദ്ധ നാമത്തിൽ സ്നേഹ വന്ദനം!

അനശ്ചിതത്വത്തിന്റെ ഈ നാളുകളിൽ നമ്മുടെ കർത്താവായ യേശുവിന്റെ സംരക്ഷണം നിങ്ങൾ അനുഭവിക്കുന്നു എന്ന് ഞങ്ങൾ ആശിക്കുന്നു. ഞങ്ങൾ നിങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നു.




കോവിഡ്-19 ന്റെ ഭീഷണി അനുഭവിച്ചതുമുതൽ ലോകത്തിന്റെ എല്ലാ പദ്ധതികളും തകർന്നടിഞ്ഞു. ജനങ്ങളുടെ ആത്മീയ ജീവിതത്തിനും സാരമായ കേടുപാടുകൾ സംഭവിച്ചു. ജീവിതത്തിന്റെ അരക്ഷിതാവസ്ഥ കാരണം ജനങ്ങൾ കൂടുതൽ സ്വാർത്ഥരും അത്യാഗ്രഹികളും ആത്മീയത നഷ്ടപ്പെട്ടവരുമായി കാണുന്നു. കൊറോണ മഹാമാരി നിരവധി ആളുകളുടെ ജീവിതത്തെ ബാധിച്ചതിനാൽ ലോകത്തെ മുഴുവനായി നിയന്ത്രിക്കുന്ന ഒരു പരമോന്നത ശക്തിയുണ്ടെന്ന് ജനങ്ങൾക്ക് മനസ്സിലായിതുടങ്ങി.

അതിനാൽ ഇത് കർത്താവായ യേശുക്രിസ്തുവിന്റെ മക്കൾക്ക് ഈ ലോകം മുഴുവനുമുള്ള ജനങ്ങളുടെ ക്ഷേമത്തിനായി പ്രാർത്ഥിക്കേണ്ട സമയമാണ്. അതിലൂടെ യേശുക്രിസ്തു ലോക രക്ഷകനായ ദൈവമാണെന്ന് ജനങ്ങൾക്ക് മനസ്സിലാകുവാൻ സാധിക്കും. ലോകം മുഴുവനുമുള്ള എല്ലാജനങ്ങളും സുവിശേഷം സ്വന്തം ജീവിതത്തിലൂടെ സത്യമാക്കുവാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ട സമയമാണ്. സഭ മുഴുവനായും മുഴുവൻ സുവിശേഷവും ലോകം മുഴുവനും കൊണ്ടു ചെല്ലണം. റോമർ 15:19 ൽ പൗലോസ് ഇപ്രകാരം പറയുന്നു: “അങ്ങനെ ഞാൻ യെരുശലേം ഇല്ലുര്യ ദേശത്തോളം ചുറ്റി സഞ്ചരിച്ച് ക്രിസ്തുവിന്റെ സുവിശേഷ ഘോഷണം പൂരിപ്പിച്ചിരിക്കുന്നു”. കൂടാതെ 2 കൊരിന്ത്യർ 7:1 ൽ: “പ്രിയമുള്ളവരെ, ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ട് നാം ജഡത്തിലേയും ആത്മാവിലേയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക” എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

നമ്മുടെ ശുശ്രൂഷകൾ ഒരു പ്രത്യേക വിഭാഗത്തെ കേന്ദ്രീകരിക്കുവാൻ പാടില്ല. അതുപോലെതന്നെ അപൂർണ്ണമായ രീതിയിൽ സുവിശേഷം പ്രസംഗിക്കുവാനും പാടില്ല. സുവിശേഷത്തിന്റെ പൂർണ്ണത അനുതാപം, ദൈവത്തോടുള്ള വിശ്വാസം, സ്നാനത്തെക്കുറിച്ചുള്ള ഉപദേശങ്ങൾ, കൈവെപ്പു ശുശ്രൂഷ, മരണത്തിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപ്, നിത്യശിക്ഷാവിധി എന്നിവയാണ്. എബ്രായർ 6:1,2: “അതുകൊണ്ട് നിർജ്ജീവ പ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പ്, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക”.

രക്ഷകനായ യേശുക്രിസ്തുവിന്റെ നാമംപോലും കേട്ടിട്ടില്ലാത്ത ലക്ഷക്കണക്കിനു ജനത്തെക്കുറിച്ച് ഞങ്ങൾക്ക് വളരെയധികം ഭാരമുണ്ട്. കർത്താവ് അവരുടെയും കൂടെ രക്ഷക്കായാണ് അവതരിച്ചത്. ലോകം മുഴുവനുമുള്ള ജനങ്ങളോടുള്ള ദൈവത്തിന്റെ അന്ത്യന്യായവിധിയുടെ ഭീകരതയും ക്രിസ്തുവില്ലാത്ത ജീവിതത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും അറിയാൻ ദൈവം നമ്മെ പ്രേരിപ്പിക്കുന്നു.

ഇവയെല്ലാം മനസ്സിൽ വച്ചുകൊണ്ട് നിത്യതയ്ക്കുവേണ്ടി ഞ ങ്ങൾ കഠിനമായി പരിശ്രമിക്കുന്നു. നശ്വരമായ ഈ ലോകത്തിൽ ജീവിക്കുന്ന വിശ്വാസികളുടെ സമൂഹം നഷ്ടപ്പെട്ടുപോകുന്ന

**CHIEF EDITORS**
Pastor S. Sam Selva Raj
Angeline Selvakumari Henry, M.A., M.Ed.
**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.
**ADMINISTRATION**
Bro. N. Prakasam, M.A., General Manager
**EDITORIAL BOARD**
Sis. Jesy Veena Sam
Bro. M. Paulraj, M.A., B.Ed.
Sis. Serena Bevin, M.A., M. Phil., B.Ed.
**Head Qrs. CO-ORDINATORS**
Bro. John Rodrigues
Sis. E. Daisy Rani
**ADVISORY BOARD**
Adv. Jose Abraham
Adv. N. Balaji, B.Com., B.L.
Dr. S. Rabinder Boaz, M.S.
Er. C.G.S. Baburao, B.Tech., M.Tech. (DM)
Aud. K. Puratchivendan, M.Com., B.L.

**PUBLISHER & PRINTER**
Pastor S. SAM SELVA RAJ
**Echo of His Call Printers**
10, Mohammed Abdullah 2nd Street,
Chepauk, Chennai - 600 005, India.
**Phone :** (+91-44) 2852 8282
2852 9293, 2854 7766
**Email :** sam@echoofhiscall.org
biblecor@yahoo.co.in
**Websites :**
www.echoofhiscall.org
www.echoofhiscall.com

**Our Ministries:** ☼ ECHO OF HIS CALL Monthly Magazines (16 languages) ☼ BIBLECOR - Postal Courses (3 languages) ☼ Theological Correspondence Courses (2 languages) ☼ Church Planting ☼ Nehemiah Bible Colleges ☼ Gospel Printing Press ☼ Great Commission Partners ☼ St. Paul's Matriculation School ☼ Crusades ☼ Community Development

ജനങ്ങളെക്കുറിച്ച് വിചാരമില്ലാതായിരിക്കുന്നു. വരാൻ പോകുന്ന ദൈവജനത്തിന്റെ ന്യായവിധിയെ ഓർത്ത് ലോകം മുഴുവനുമുള്ള ജനത്തോട് പ്രയാസങ്ങളുടെ മദ്ധ്യേയും സുവിശേഷം അറിയിക്കുവാൻ ഞങ്ങൾ ശ്രമിക്കുന്നു. ഇതിനായി ഞങ്ങളുടെ സംസ്ഥാന കോഡിനേറ്റർമാർ, അസോസിയേറ്റ് എഡിറ്റർമാർ, കോഡിനേറ്റർമാർ എന്നിവരെ പ്രേരിപ്പിക്കാൻ ഞങ്ങൾ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു.

ഈ സാഹചര്യം കാരണം സുവിശേഷത്തിനായുള്ള സഹകരണം ജനങ്ങളിൽ കുറഞ്ഞുവരുന്നതു കൂടാതെ സഹകരണം തുടരാതിരിക്കുകയും ചെയ്യുന്നു. അതിനാൽ വിളിയുടെ പ്രതിധ്വനി പോലുള്ള യഥാർത്ഥ സുവിശേഷ പ്രസ്ഥാനങ്ങൾ ഒരുവശത്ത് കടുത്ത സാമ്പത്തിക ബുദ്ധിമുട്ടും മറുവശത്ത് പറഞ്ഞറിയിക്കാൻ കഴിയാത്ത ലൗകീക പിരിമുറുക്കങ്ങളും നേരിടുന്നു. എല്ലാ കാര്യങ്ങളും ഞങ്ങൾക്ക് ഇവിടെ പ്രസ്താവിക്കുവാൻ കഴിയുകയില്ല.

അതുകൊണ്ട് പ്രിയ സുഹൃത്തുക്കളേ, ഞങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുവിൻ. ഈ പ്രതികൂല സാഹചര്യം കടന്നുപോകുവാൻ നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും ഞങ്ങൾക്ക് അത്യാവശ്യമാണ്.

കർത്താവിന്റെ സേവനത്തിൽ നിങ്ങളുടെ
**പാസ്റ്റർ. സാം സെൽവരാജ് & അലക്സ് സാംസൺ സാം**

---

*1-ാം പേജിന്റെ തുടർച്ച...*

പ്പെടുകയും ചെയ്യുന്നവൻ രക്ഷാമാർഗ്ഗത്തിൽ കടന്നുവരും.

എന്നാലും യേശുക്രിസ്തുവിന്റെ വാക്കുകളിലൂടെ ഇങ്ങനെ പറയുന്നു: "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയുംപോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കോസ് 16:15). അതായത് ജനങ്ങൾ യേശുക്രിസ്തുവിൽ വിശ്വസിക്കണമെങ്കിൽ ആദ്യം അവരോട് സുവിശേഷം പ്രസംഗിച്ചിരിക്കണം. യേശുക്രിസ്തു സൂചിപ്പിക്കുന്ന സുവിശേഷം എന്താണ്? അത് യേശുക്രിസ്തുതന്നെ പ്രസംഗിച്ച സുവിശേഷമാണ് – അനുതാപത്തിന്റെ സുവിശേഷം!

സാത്താന്റെ പരീക്ഷയെ വിജയകരമായി തരണം ചെയ്തതിനുശേഷം ചെയ്ത ആദ്യത്തെ സന്ദേശം എന്താണ്? "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്നാണ് (മത്തായി 4:17).

വിശ്വസിക്കാൻ ഉള്ള ആഹ്വാനം നൽകുന്നതിനു മുമ്പുതന്നെ ജനങ്ങളോട് മാനസാന്തരപ്പെടുവാൻ യേശുക്രിസ്തു ആവശ്യപ്പെടുന്നു. "എന്നാൽ യോഹന്നാൻ തടവിലായ ശേഷം യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു. കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ" എന്നു പറഞ്ഞു (മർക്കോസ് 1:14,15). യേശുക്രിസ്തു പ്രസംഗിച്ചത് : "ആദ്യം മാനസാന്തരപ്പെടുവിൻ-എന്നിട്ട് വിശ്വസിപ്പിൻ എന്നാണ്. തന്റെ ദൗത്യത്തെക്കുറിച്ച് മറ്റൊരിടത്ത് ഇങ്ങനെ പറയുന്നു: "ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ വിളിപ്പാൻ വന്നത്" (മത്തായി 9:13.) ഗലീലക്കാരോട് അവൻ ഇങ്ങനെ പറഞ്ഞു: "അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നെ നശിച്ചുപോകും" (ലൂക്കോസ് 13:3).

**യേശുക്രിസ്തുവിന്റെ സുവിശേഷം മാനസാന്തരത്തിന്റെ സുവിശേഷം ആയിരുന്നു. യേശുവിന്റെ വരവിനായി യിസ്രായേല്യരെ ഒരുക്കാൻ യോഹന്നാൻ സ്നാപകനും മാനസാന്തരം പ്രസംഗിച്ചു.**

യഹൂദന്മാർക്കുവേണ്ടിയുള്ള യോഹന്നാൻ സ്നാപകന്റെ സന്ദേശം ലളിതവും കുറിക്കുകൊള്ളുന്നതുമായിരുന്നു. "ആ കാലത്തു യോഹന്നാൻ സ്നാപകൻ വന്നു, യെഹൂദ്യ മരുഭൂമിയിൽ പ്രസംഗിച്ചു: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പറഞ്ഞു" (മത്തായി 3:1,2). മശിഹാ നിങ്ങളുടെ ഇടയിൽ ഉടനെ പ്രത്യക്ഷനാകും. അവനെ കാണുവാനായി തയ്യാറെടുക്കുവിൻ. അവൻ വരുന്നതുകൊണ്ട് നിങ്ങൾക്ക് ആവേശമുണ്ടാകും. പക്ഷെ ഞാൻ നിങ്ങളോട് പറയുന്നത് നിങ്ങളുടെ ഹൃദയം അതിനായി ഒരുങ്ങിയിട്ടില്ല എന്നാണ്. കാരണം നിങ്ങളിപ്പോഴും പാപം വിട്ടൊഴിയാതെ അതിനെ മുറുകെ പിടിച്ചിരിക്കുകയാണ്. പുറമെ നിങ്ങൾ ശുദ്ധവും പരിശുദ്ധവുമാണ് എന്ന് തോന്നിപ്പിക്കും. പക്ഷെ അകമെ ചത്ത മനുഷ്യരുടെ എല്ലിൻകൂടാരം പോലെയാണ്. നിങ്ങൾ ദൈവഭയമില്ലാത്ത പാമ്പുകളുടെ തലമുറയാണ്. നിങ്ങൾ പാപികളാണെന്നുള്ള ഒരു ചിന്ത പോലും നിങ്ങൾക്ക് ഇല്ല. നിങ്ങളുടെ പാപത്തെക്കുറിച്ച് അനുതപിച്ച് ജീവിച്ചാൽ മാത്രമേ രക്ഷകനിൽ വിശ്വസിക്കാനും അവനെ അനുഗമിക്കുവാനും സാധിക്കുകയുള്ളൂ.

അതിനാൽ അനുതപിച്ച്, പാപങ്ങളിൽ നിന്നും മോചനം പ്രാപിച്ച് മാറ്റത്തിനനുസരണമായ ജീവിതം നയിക്കുക! പെന്തെക്കോസ്തു നാളിൽ പത്രോസ് ജനങ്ങളോട് ഏതു സുവിശേഷമാണ് പ്രസംഗിച്ചത്? വേദപുസ്തകം പറയുന്നത് അപ്പോസ്തലന്റെ സാക്ഷ്യം ജനങ്ങൾ ശ്രവിച്ചപ്പോൾ "ഹൃദയത്തിൽ കുത്തു കൊണ്ട് പത്രോസിനോടും ശേഷം അപ്പോസ്തലന്മാരോടും സഹോദരന്മാരായ പുരുഷന്മാരെ, ഞങ്ങൾ എന്തുചെയ്യേണ്ടു എന്നു ചോദിച്ചു. പത്രോസ് അവരോട് : "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:37,38)

പത്രോസ് അവരോട് "വിശ്വസിക്കുകയും രക്ഷപ്പെടുകയും" ചെയ്വിൻ എന്നു പറഞ്ഞില്ല. അവൻ ജനങ്ങളോട് ആദ്യം മാനസാന്തരപ്പെടുവാനും ക്രിസ്തുവിനോടുള്ള അനുസരണത്തിൽ സ്നാനപ്പെടുവാനും പറഞ്ഞു. അഥേനക്കാരോട് എന്തു സുവിശേഷമാണ് പൗലോസ് പ്രസംഗിച്ചത്? അവൻ നേരിട്ടു തന്നെ "ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് മനുഷ്യരോട് കല്പിക്കുന്നു" (പ്രവൃത്തികൾ 17:30) എന്നു പ്രസംഗിച്ചു.

ഈ ഗ്രീക്കു ബുദ്ധിജീവികൾക്ക് ദൈവത്തിൽ വിശ്വസിക്കാൻ ഒരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. വിശ്വാസം തന്നെയാണ് അവരുടെ വിനോദം. അവർ പല ദൈവങ്ങളിലും വിശ്വസിച്ചു – ആദ്യം ഒന്ന് പിന്നീട് മറ്റൊന്ന്. ആരെങ്കിലും ദൈവത്തെക്കുറിച്ച് സുവിശേഷിക്കുമ്പോഴൊക്കെയും അവർ അതിൽ വിശ്വസിച്ചു. അവർ വിശ്വസിച്ചു എങ്കിലും പാപത്തിൽ തന്നെ ജീവിച്ചു. വെറുതെയുള്ള വിശ്വാസം മാത്രം പോരാ.

പൗലൊസ് ആ മനുഷ്യരോട് അതു ക്രിസ്തുവല്ല എന്നു പറഞ്ഞു. യേശുവിനെ വെറുതെ ദൈവങ്ങളുടെ പട്ടികയിൽ ചേർത്തു വയ്ക്കാൻ പാടില്ല. നിങ്ങൾക്ക് അവരിലൊക്കെ വിശ്വാസം അർപ്പിക്കാം. പക്ഷെ അതുപോലെയാണ് യേശുക്രിസ്തു എന്ന് കണക്കാക്കരുത്. അവൻ നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായാണ് കടന്നുവന്നത്. തന്റെ അനുയായികളോട് മാനസാന്തരപ്പെട്ട് ശു

ദ്ധരാകുവാൻ അവൻ കല്പിക്കുന്നു. അഗ്രിപ്പാ രാജാവിനോട് അനുതാപത്തിന്റെ ഇതേ സുവിശേഷം പ്രസംഗിച്ചപ്പോൾ പൗലോസ് ഇങ്ങനെ പറഞ്ഞു: “അതുകൊണ്ട് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗ്ഗീയ ദർശനത്തിനു അനുസരണക്കേടു കാണിക്കാതെ ആദ്യം ദമസ്ക്കോസിലും യെരുശലേമിലും യെഹൂദ്യദേശത്തെങ്ങും ഉള്ളവരോടും പിന്നെ ജാതികളോടും മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരത്തിനു യോഗ്യമായ പ്രവർത്തികൾ ചെയ്യേണം എന്നു പ്രസംഗിച്ചു” (പ്രവൃത്തികൾ 26:19,20).

പൗലോസ് പറയുന്നത് താൻ എവിടെയെല്ലാം ആയിരുന്നുവോ അവിടെയെല്ലാം മാനസാന്തരത്തെക്കുറിച്ച് പ്രസംഗിച്ചു. യഥാർത്ഥ അനുതാപം പ്രവൃത്തികളിലൂടെ തിരിച്ചറിയാം. യോഹന്നാനും യേശുവും പ്രസംഗിച്ച അതേ സുവിശേഷം അപ്പോസ്തലിക സഭ കപടമില്ലാതെ പ്രസംഗിച്ചു എന്ന് ഈ ഭാഗത്തിലൂടെ നമുക്ക് മനസ്സിലാക്കാം: “നിങ്ങളുടെ പാപമോചനത്തിനായി മാനസാന്തരപ്പെടുവിൻ”.

**മാനസാന്തരപ്പെടുക എന്നു പറഞ്ഞാൽ എന്താണ്?**

നിങ്ങൾ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ നിന്നും തിരിഞ്ഞ് മറുവശത്തേക്ക് പോകുന്നതാണ് മാനസാന്തരം എന്ന് ചില ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. പക്ഷെ ഇതിനേക്കാൾ വലിയ സന്ദേശമാണ് വേദപുസ്തകം നമുക്ക് തരുന്നത്. ഒരിക്കൽ ഒരു മനുഷ്യൻ ഇങ്ങനെ പറയുന്നത് കേൾക്കുവാനിടയായി. എനിക്ക് ഗ്രീക്ക് ഭാഷയിലെ പുതിയ നിയമപുസ്തകം അറിയുന്നതുകൊണ്ട് സന്തോഷമുണ്ട്. അതിൽ മാനസാന്തരപ്പെടുക എന്നത് പരിഭാഷപ്പെടുത്തിയിരിക്കുന്നത് “ഒരാളുടെ മനസ്സ് മാറ്റുക” എന്നാണ്.

ഇല്ല, ഈ മനുഷ്യന് ഗ്രീക്ക് ഭാഷ അറിയില്ല. മാനസാന്തരപ്പെടുക എന്ന വാക്കിന്റെ അർത്ഥം മുഴുവനായി അക്ഷരാർത്ഥത്തിൽ ദൈവത്തിനെതിരായ പാപങ്ങളിൽ അനുതാപവും സ്വയനിന്ദയും ഉണ്ടാകുകയും, പശ്ചാത്താപവും ക്ഷമയോടുംകൂടെ ദിശമാറി സഞ്ചരിക്കുക എന്നതാണ്. ഇവിടെ അർത്ഥത്തിലെ വ്യത്യാസം “ആഗ്രഹിക്കുന്നു” എന്ന വാക്കിനെ ആശ്രയിച്ചിരിക്കുന്നു. യഥാർത്ഥ മാനസാന്തരം എന്നത് മാറുവാനുള്ള ആഗ്രഹമാണ്. വെറുതെ ക്ഷമിക്കുക എന്നത് മാനസാന്തരമല്ല. പക്ഷെ യഥാർത്ഥമായ അനുതാപം മാനസാന്തരത്തിലേക്ക് നയിക്കുന്നു. “ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷയ്ക്കായി ഉളവാക്കുന്നു; ലോകത്തിന്റെ ദുഃഖമോ മരണത്തെ ഉളവാക്കുന്നു” (2 കൊരിന്ത്യർ 7:10).

പശ്ചാത്തപിക്കാത്ത ദുഃഖത്തെക്കുറിച്ചാണ് പൗലൊസ് ഇവിടെ സംസാരിക്കുന്നത്. അനുതപിക്കുന്ന വ്യക്തിയുടെ ജീവിതത്തിൽ ആത്മാർത്ഥത ചേർന്നിരിക്കുന്നു. ഇത്തരത്തിലുള്ള ദൈവീകമായ ദുഃഖം അനുതാപത്തെ ഉളവാക്കുന്നു. അതിൽ പാപത്തോടു വിദ്വേഷം, ദൈവഭയം, എല്ലാ തെറ്റുകളെയും ശരിയാക്കാനുള്ള ആഗ്രഹവും ഉൾപ്പെട്ടിരിക്കുന്നു. വിശ്വസികളുടെ മദ്ധ്യേ പൗലോസ് മാനസാന്തരം പ്രസംഗിച്ചതിൽ ഒട്ടും അതിശയോക്തിയില്ല. കൊരിന്ത്യയിലെ ക്രിസ്ത്യാനികളോട് മാനസാന്തരത്തെക്കുറിച്ച് ശക്തമായി സന്ദേശം നൽകുകയുണ്ടായി. കൊരിന്തിലെ വിശ്വാസികൾ ദൈവത്താൽ സമൃദ്ധമായി അനുഗ്രഹിക്കപ്പെട്ടിരുന്നു. അതിനുകാരണം വചനത്തെക്കുറിച്ച് അനേകം ഉപദേഷ്ടാക്കന്മാരുടെ കീഴിൽ അഭ്യസിച്ചതുകൊണ്ടായിരുന്നു. എന്നിട്ടും അവരുടെ സഭ പാപത്താൽ വലഞ്ഞു.

അപ്പോസ്തലന്റെ ലക്ഷണങ്ങൾ “പൂർണ്ണസഹിഷ്ണുതയിലും അടയാളങ്ങളാലും അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലും നിങ്ങളുടെ ഇടയിൽ വെളിപ്പെട്ടുവന്നുവല്ലോ” (2 കൊരിന്ത്യർ 12:12) എന്ന് പൗലൊസ് അവരോട് നേരിട്ടു തന്നെ പറയുന്നു: “ഞാൻ വരുമ്പോൾ ഞാൻ ഇച്ഛിക്കാത്ത വിധത്തിൽ നിങ്ങളെ കാണുകയും നിങ്ങൾ ഇച്ഛിക്കാത്ത വിധത്തിൽ എന്നെ കാണുകയും ചെയ്യുമോ എന്നും പിണക്കം, ഈർഷ്യ, ക്രോധം, ശാഠ്യം, ഏഷണി, കുശുകുശുപ്പ്, നിഗളം, കലഹം എന്നിവ ഉണ്ടാകുമോ എന്നും” (2 കൊരിന്ത്യർ 12:20) ഞാൻ ഭാരപ്പെടുന്നു. എന്താണ് പൗലൊസിന്റെ ഭയം? “ഞാൻ വീണ്ടും വരുമ്പോൾ എന്റെ ദൈവം എന്നെ നിങ്ങളുടെ ഇടയിൽ താഴ്ത്തുവാനും പാപം ചെയ്തിട്ടു തങ്ങൾ പ്രവർത്തിച്ച അശുദ്ധി, ദുർന്നടപ്പു, ദുഷ്ക്കാമം എന്നിവയെക്കുറിച്ചു മാനസാന്തരപ്പെടാത്ത പലരെയും ചൊല്ലി ഖേദിപ്പാനും സംഗതി വരുമോ എന്നും ഞാൻ ഭയപ്പെടുന്നു” (2 കൊരിന്ത്യർ 12:21).

ആർദ്രഹൃദയനായ ഈ വിശുദ്ധൻ വിട്ടുവീഴ്ച ചെയ്യാൻ തയ്യാറുള്ള കൊരിന്തിലെ വിശുദ്ധരെ സ്നേഹിച്ചു. കനത്ത പാപങ്ങൾ പേറിയുള്ള ജീവിതശൈലി തെറ്റാണെന്ന് അവരെ നന്നായി പഠിപ്പിച്ചിട്ടുണ്ടെന്ന് അവനറിയാം. എന്റെ കണ്ണുകൾ കണ്ണുനീരിനാലും എന്റെ അധരങ്ങൾ സങ്കടത്തോടെയുമായിരിക്കും. നിങ്ങൾ അശുദ്ധിയിലും പരസംഗത്തിലും മോഹത്തിലും തുടരുന്നത് കാണുമ്പോൾ ഞാൻ തകർന്നുപോകും. കാരണം, സുവിശേഷം നിങ്ങളുടെ ഹൃദയങ്ങളിൽ അതിന്റെ പ്രവർത്തനം നടത്തിയില്ല എന്നതു തന്നെ. നിങ്ങൾ പാപത്തെക്കുറിച്ച് ഇതുവരെയും അനുതപിച്ചിട്ടില്ല. നിങ്ങൾ മാനസാന്തരപ്പെടണം എന്ന് ഉച്ചത്തിൽ വിളിച്ചു പറയും.

**പൗലൊസിന്റെ ഈ വാക്കുകൾ എന്നെ ലജ്ജിപ്പിക്കുന്നു.**

പൗലൊസിന്റെ വാക്കുകൾ ഞാൻ വായിക്കുമ്പോൾ എന്റെ ശുശ്രൂഷയെ ഞാൻ പരിശോധിക്കുന്നു. മാനസാന്തരത്തിന്റെ സുവിശേഷം യേശുക്രിസ്തു പറഞ്ഞതുപോലെ മുഴുവനായി പ്രസംഗിക്കാതെ ഞാൻ വിട്ടു

*6-ാം പേജിൽ തുടരും...*

**Statement about ownership and other particulars about the Newspaper Echo of His Call (Malayalam) - Form IV (See Rule 8)**

1. Place of Publication : **18, Mohammed Abdullah Sahib Street, Chepauk, Chennai - 600 005**
2. Periodicity : **Monthly**
3. Printer, Editor, Owner & Publisher : **S. Sam Selva Raj** (Same Address)
4. Nationality : **Indian**

I **S. Sam Selva Raj**, hereby that the particulars given above are true to the best of my knowledge and belief.

**March 2021** **S. Sam Selva Raj.**

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES
SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

## പങ്കിടൽ (ഗലാത്യർ 6:2), സഹായം (റോമർ 12:13)
## വേഗത കൂടുതൽ (2 തിമൊഥെയോസ് 1:6)
## പ്രാർത്ഥനാ വിഷയങ്ങൾ

**(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)**

### ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു!
### സ്തോത്രത്തിനായി

**മാർച്ച് 19** : കഴിഞ്ഞ മാസം നടന്ന മുഖ്യ സഭയിലെ മിനിസ്റ്റീരിയൽ പ്രവർത്തനങ്ങൾ ദൈവം അനുഗ്രഹിച്ചു.

**മാർച്ച് 20** : പുതുതായി മണിപൂരി ഭാഷയിലും വിളിയുടെ പ്രതിധ്വനി മാസിക പ്രസിദ്ധീകരിക്കുവാൻ ദൈവം സഹായിച്ചു.

**മാർച്ച് 21** : ബൈബിൾകോർ തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്നിവയെ ദൈവം അനുഗ്രഹിച്ചു.

**മാർച്ച് 22** : കഴിഞ്ഞ മാസത്തെ വിളിയുടെ പ്രതിധ്വനിയുടെ പ്രവർത്തനങ്ങളെ ദൈവം അനുഗ്രഹിച്ചു.

**മാർച്ച് 23** : **വിളിയുടെ പ്രതിധ്വനി**യുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, ഗ്രേറ്റ് കമ്മീഷൻ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കായും.

**മാർച്ച് 24** : അഭിഷേകമുള്ള പുതിയ അംഗങ്ങൾ സഭകളിൽ കടന്നു വന്നുകൊണ്ടിരിക്കുന്നതിനായി.

**മാർച്ച് 25** : സംസ്ഥാന കോഡിനേറ്റർമാർക്കും കുടുംബാംഗങ്ങൾക്കും.

**മാർച്ച് 26** : നമ്മുടെ മിഷണറി യാത്രകൾ അനുഗ്രഹപ്രദമായതിനാൽ.

**മാർച്ച് 27** : അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കും.

**മാർച്ച് 28** : നമ്മുടെ പ്രിന്റിംഗ് പ്രസ്സിൽ അച്ചടിച്ച 17 ഭാഷകളിലുള്ള പ്രസിദ്ധീകരണങ്ങൾക്കായും, അവ മിഷൻ ഫീൽഡുകളിൽ എത്തിച്ചതിനായും.

**മാർച്ച് 29** : സെന്റ് പോൾ മെട്രിക്കുലേഷൻ സ്കൂളിലെ ഓൺ-ലൈൻ ക്ലാസ്സുകൾ ദൈവം അനുഗ്രഹിച്ചതിനായി.

**മാർച്ച് 30** : സെന്റ് പോൾ മെട്രിക്കുലേഷൻ സ്കൂളിലെ അദ്ധ്യാപകരെയും ജീവനക്കാരെയും ദൈവം അനുഗ്രഹിച്ചതിനായി.

**മാർച്ച് 31** : 2020 ലെ കോവിഡ് ബാധിത കാലത്തിൽ കുടുംബമായി ദൈവം നമ്മെ കാത്തു പരിപാലിച്ചതിനായി.

**എപ്രിൽ 01** : 2020 ലെ കോവിഡ് കാലത്തിൽ **വിളിയുടെ പ്രതിധ്വനി**യുടെ പ്രവർത്തനങ്ങളെ ദൈവം അനുഗ്രഹിച്ചതിനായി.

**എപ്രിൽ 02** : മുഖ്യസഭയിലെ എല്ലാ ആരാധനകളും ക്രമമായി നടത്താൻ ദൈവം സഹായിച്ചതിനായി.

**എപ്രിൽ 03** : ദുഷ്ടശക്തികളിൽനിന്നും പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും ദൈവം സംരക്ഷിച്ചതിനായി.

### പ്രാർത്ഥനയ്ക്കായി

**എപ്രിൽ 04** : 2020ൽ ഞങ്ങൾ കണ്ടുമുട്ടിയ എല്ലാ വിശ്വാസികളും സുഹൃത്തുക്കളും അനുഗ്രഹിക്കപ്പെടുവാൻ

**എപ്രിൽ 05** : സുവിശേഷ അച്ചടിശാല അനുഗ്രഹിക്കപ്പെടുവാൻ.

**എപ്രിൽ 06** : എല്ലാ മതങ്ങളുടെയും ഒത്തൊരുമക്കായി.

**എപ്രിൽ 07** : എല്ലാ രാജ്യങ്ങളും ദൈവത്തോട് കൂടുതൽ അടുക്കുവാൻ.

**എപ്രിൽ 08** : മയക്കുമരുന്നിന് അടിമയായവർ വിടുവിക്കപ്പെടുവാൻ.

**എപ്രിൽ 09** : മണിപൂരി ഭാഷയുടെ അസോസിയേറ്റ് എഡിറ്റർ റവ. ഡോ. റിഷികന്താ സൊറോഖൈബത്തിനും കുടുംബത്തിനുമായി.

**എപ്രിൽ 10** : ഇംഗ്ലീഷ് അസ്സോസിയേറ്റ് എഡിറ്റർ ബ്രദർ പോൾരാജിന്റെ സൗഖ്യത്തിനും സമാധാനജീവിതം നയിക്കുന്നതിനും.

**എപ്രിൽ 11** : കൊറോണ ഈ ഭൂമിയിൽ നിന്നും മാറ്റപ്പെടുവാൻ.

**എപ്രിൽ 12** : **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയും ജീവനക്കാരും കുടുംബാംഗങ്ങളും അനുഗ്രഹിക്കപ്പെടുവാൻ

**എപ്രിൽ 13** : ഈ വർഷത്തെ ചെലവുകളിന്മേൽ ദൈവത്തിന്റെ കരം പ്രവർത്തിക്കുവാൻ.

**എപ്രിൽ 14** : കോഡിനേറ്റർമാർക്കും ശുശ്രൂഷകർക്കും പുതിയ ശക്തി ലഭിക്കുവാൻ

**എപ്രിൽ 15** : വടക്കെ ഇന്ത്യയിലെ മിഷണറി പ്രവർത്തനങ്ങൾക്കായി.

**എപ്രിൽ 16** : മിഷണറിമാരുടെയും വിശ്വാസികളുടെയും ഒത്തൊരുമക്കായി.

**എപ്രിൽ 17** : **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷകൾ എല്ലാ വിധത്തിലും വിപുലീകരിക്കപ്പെടുവാൻ.

**എപ്രിൽ 18** : ദുഷ്ടശക്തികളിൽനിന്നും പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും ദൈവം തുടർന്നും സംരക്ഷിക്കുവാൻ.

...4-ാം പേജിന്റെ തുടർച്ച

വീഴ്ച ചെയ്തുപോയിട്ടുണ്ടോ? വേദപുസ്തകത്തിലെ പഠിപ്പിക്കലുകൾ ഞാൻ കത്രികയാൽ വെട്ടുന്നതുപോലെ ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെ വില ഞാൻ മാറ്റിയിട്ടുണ്ടോ? "വിശ്വസിച്ച് രക്ഷപ്രാപിപ്പിൻ" എന്നു ഞാൻ ജനത്തെ പഠിപ്പിച്ച് ക്രിസ്തുവിന്റെ നിലവാരം താഴ്ത്തിയോ?

ഞാൻ ഇന്നത്തെ സഭയെ നോക്കുമ്പോൾ അത്ഭുതപ്പെട്ടുപോകുകയാണ്. യഥാർത്ഥ മാനസാന്തരത്തിന്റെ തെളിവായി "ദൈവീക ദുഃഖം" മാത്രമായി മതിയെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ? അനുതപിക്കാത്ത ജനലക്ഷങ്ങളെ തെറ്റായ സമാധാനത്തിലേക്ക് നയിക്കുകയാണോ? കർത്താവേ, ഞാൻ നിന്നിൽ വിശ്വസിക്കുന്നു എന്നു മാത്രം പറയാൻ ദൈവം ആവശ്യപ്പെടുന്നു എന്ന തരത്തിൽ ജനത്തെ തെറ്റായി പഠിപ്പിക്കുകയാണോ? യഥാർത്ഥമായി മാനസാന്തരപ്പെടാത്തവർക്ക് രക്ഷ വാഗ്ദത്തം ചെയ്തുകൊണ്ട് ചാടിപ്പുറപ്പെട്ടിട്ടുണ്ടോ? ഇവരെല്ലാം അതിക്രമങ്ങളിൽ ദുഃഖിക്കാത്തവരും, പാപങ്ങളുടെ ആധിക്യത്തെക്കുറിച്ച് ബോധമില്ലാത്തവരും, ജഡമോഹങ്ങളിൽ മുഴുകി ജീവിക്കുന്നവരാണെന്ന് മനസ്സിലാക്കിയിട്ടും രക്ഷ വാഗ്ദത്തം ചെയ്തുപോയിട്ടുണ്ടോ?

വിവിധ ശുശ്രൂഷകളിലൂടെ ക്രിസ്തുവിലേക്ക് കടന്നുവരുന്നവരുടെ എണ്ണത്തെക്കുറിച്ചുള്ള അതിശയോക്തികൾ നാം നിരന്തരമായി ശ്രവിക്കുന്നുണ്ട്. ജയിലുകളിലും, വിദ്യാലയങ്ങളിലും ഗോത്രവർഗ്ഗക്കാരുടെ ഇടയിലും പ്രവർത്തിച്ചതിലൂടെ അനേകർ രക്ഷിക്കപ്പെട്ടുവെന്ന് ക്രിസ്ത്യാനികൾ പ്രസ്താവിക്കാറുണ്ട്. "ഇവിടെയുള്ള എല്ലാവരും തങ്ങളുടെ ഹൃദയം യേശുവിനായി സമർപ്പിച്ചു" എന്ന് അവർ പറയുന്നു. "ഞാൻ പ്രസംഗിച്ചു കഴിഞ്ഞപ്പോൾ എല്ലാവരും രക്ഷപ്രാപിക്കുവാനായി മുന്നോട്ടു കടന്നു വന്നു".

ഇല്ല! ഇത് അപകടകരമായ അതിശയോക്തിയാണ്. എല്ലാവരും ഒരു പ്രാർത്ഥന തന്നെ ആവർത്തിക്കുന്നു എന്നതാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്. അവരോട് എങ്ങനെ പറയണമെന്ന് പറയുന്നുവോ അത് അവർ അർത്ഥംപോലും മനസ്സിലാക്കാതെ പ്രാർത്ഥിക്കുന്നു. എന്നിട്ട് അവരുടെ പഴയ ജീവിതത്തിലേക്കുതന്നെ മടങ്ങിപ്പോകുന്നു. ഇങ്ങനെയുള്ളവർക്ക് പരിശുദ്ധാത്മാവിന്റെ ആഴമായ പ്രവർത്തനം മനസ്സിലാക്കാൻ കഴിയാതെ പോകുന്നു. തൽഫലമായി അവർ തങ്ങളുടെ പാപങ്ങളെക്കുറിച്ച് ദുഃഖിക്കുകയോ അനുതപിക്കുകയോ ചെയ്യുന്നില്ല. മാത്രമല്ല, അവർ വിശ്വസിക്കുകപോലും ചെയ്യുന്നില്ല.

സഭകൾ വികാരങ്ങൾ പ്രകടിപ്പിക്കുവാൻ മറന്നുപോയിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ചിന്തിക്കുവിൻ! രക്ഷിക്കപ്പെടുന്നവരുടെ മുഖത്ത് കണ്ണുനീരിന്റെ ഒരംശം പോലും കാണാൻ ഇപ്പോൾ സാധിക്കുന്നില്ല. കണ്ണുനീർ ആരെയും രക്ഷിക്കുകയില്ലയെന്ന് എനിക്കറിയാം. പക്ഷെ ദൈവം നമ്മെ സകല വികാരങ്ങളോടും കൂടെയാണ് സൃഷ്ടിച്ചിരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ നിയോഗത്തിലൂടെ രക്ഷിക്കപ്പെടുന്ന നരകയോഗ്യനായ മനുഷ്യന് സ്വാഭാവികമായി താൻ ദൈവത്തെ ദുഃഖിപ്പിച്ച വഴികളെയോർത്ത് സങ്കടം വരേണ്ടതാണ്.

യേശുക്രിസ്തുവിനെ തള്ളിപ്പറഞ്ഞപ്പോൾ അപ്പൊസ്തലനായ പത്രൊസ് ഇത്തരത്തിലുള്ള ദൈവീക ദുഃഖം അനുഭവിച്ചു. പെട്ടെന്ന് അവന് യേശുക്രിസ്തു പറഞ്ഞത് ഓർമ്മ വരികയും ചെയ്തു. "കോഴി രണ്ടുവട്ടം കൂകും മുമ്പേ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്ന് യേശു തന്നോടു പറഞ്ഞ വാക്ക് പത്രൊസ് ഓർത്തു അതിനെക്കുറിച്ച് വിചാരിച്ചു കരഞ്ഞു" (മർക്കൊസ് 14:72).

പത്രൊസിനെപ്പോലെ നമുക്കും പരിശുദ്ധാത്മാവിലൂടെയല്ലാതെ സ്നേഹമയനായ രക്ഷകനെ നാം എത്രമാത്രം വേദനിപ്പിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കുകയില്ല. ഈ വെളിപ്പെടുത്തലിലൂടെ നാം അഗാധമായ ദുഃഖത്താൽ നിറയപ്പെടും. ക്രൈസ്തവ നവോത്ഥാനത്തിന്റെ വിഭാഗക്കാരായ എഴുത്തുകാരുടെ ഉപദേശങ്ങളോട് ഞാൻ യോജിക്കുന്നില്ല എങ്കിലും വിശുദ്ധിക്ക് ഊന്നൽ നൽകുന്ന അവരുടെ പ്രവർത്തനങ്ങളെ ഞാൻ ഇഷ്ടപ്പെടുന്നു. ഈ ദൈവീക പ്രാസംഗികർ അവരുടെ പ്രഭാഷണങ്ങളെ "ആഴത്തിൽ ഉഴുതു മറിക്കുന്നവ"യെന്ന് വിശേഷിപ്പിച്ചു. ശ്രോതാക്കളുടെ ഹൃദയത്തെ ആഴത്തിൽ ഉഴുതു മറിക്കാതെ വിശ്വാസത്തിന്റെ വിത്ത് വിതെക്കാൻ സാധിക്കുകയില്ല എന്ന് അവർ വിശ്വസിച്ചു.

അതിനാൽ ഇത്തരത്തിലുള്ള പ്രാസംഗികർ കേൾവിക്കാരുടെ ആത്മാക്കളുടെ ആഴത്തിലേക്ക് കടന്നു ചെല്ലുന്നു. ഇവരുടെ ശുശ്രൂഷയിലൂടെ യഥാർത്ഥത്തിലുള്ള മാനസാന്തരം ഉണ്ടാകുന്നു. ഇതിന്റെ ഫലമായി അനേകം വർഷങ്ങളിലെ പ്രവർത്തനത്തിലൂടെ പ്രശസ്ത കവിയായ ജോൺ മിൽട്ടനെപ്പോലെ ശക്തരും പക്വതയുള്ളവരും വിശ്വസ്തരുമായ ക്രിസ്ത്യാനികൾ സൃഷ്ടിക്കപ്പെട്ടു. ഈ കാലത്തെ പ്രസംഗങ്ങളെല്ലാം നിലം ഉഴുതു മറിക്കാതെ വിത്തു വിതെക്കുന്നതു പോലെയാണ്. മേൽമണ്ണിൽ കിടന്ന് പ്രവർത്തിക്കാതെ ആഴത്തിലിറങ്ങിച്ചെന്ന് ഉഴുതുമറിക്കുന്ന ചില പ്രസംഗങ്ങൾ ഞാൻ ഈ കാലഘട്ടത്തിൽ ശ്രവിച്ചിട്ടുണ്ട്.

ഇപ്പോഴത്തെ പ്രസംഗങ്ങളിലൂടെ രോഗത്തിന്റെ കാരണങ്ങൾ എന്തെന്ന് നാം കേൾക്കുന്നു. രോഗത്തെ അവഗണിച്ചുകൊണ്ട് പരിഹാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രസംഗങ്ങളാണ് നാം ഇപ്പോൾ കേൾക്കുന്നത്. അതിനാൽ ശസ്ത്രക്രിയ കൂടാതെ മരുന്നിന്റെ കുറിപ്പടി മാത്രം നൽകുന്നു.

രോഗികളാണെന്ന് അറിയാതെ തന്നെ പാപത്തിന്റെ പിടിയിൽ നിന്നും സൗഖ്യം നൽകുകയാണ് ഇപ്പോഴത്തെ രീതി. അവർ നഗ്നരാണെന്ന് അറിയാതെ നീതിയുടെ മേലങ്കി അവരെ ധരിപ്പിക്കുന്നു. വിശ്വാസത്തിന്റെ ആവശ്യകത എന്തെന്ന് അവരെ അറിയിക്കാതെ തന്നെ യേശുക്രിസ്തുവിൽ വിശ്വ

**സ്നേഹത്തോടുകൂടിയ അഭ്യർത്ഥന**

നിങ്ങൾ അറിയുന്നതുപോലെ ജീവനക്കാരുടെ ശമ്പളം, പേപ്പറിന്റെ വില, യാത്രകളുടെ ചെലവ് തുടങ്ങിയവ വഹിക്കുവാൻ ഞങ്ങൾ വല്ലാതെ ഞെരുങ്ങുകയാണ്. സാധാരണയായി മറ്റുള്ളവരോട് ഞങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ ചോദിക്കാറില്ല. നിങ്ങൾ ഞങ്ങളെ യഥാർത്ഥമായി സ്നേഹിക്കുകയാണെങ്കിൽ നിങ്ങളുടെ സംഭാവനകൾ മണി ഓർഡർ, ചെക്ക്, ഡ്രാഫ്റ്റ്, ഫോൺ പെ, നെഫ്റ്റ് തുടങ്ങിയവയിലൂടെയോ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ അയച്ചുതന്ന് ഈ ശുശ്രൂഷയെ സഹായിക്കുവിൻ. നിശ്ചയമായും ദൈവം നിങ്ങളെ അനുഗ്രഹിക്കും. കൂടുതൽ വിവരങ്ങൾക്ക്

+91 9841271858 **എഡിറ്റർ, വിളിയുടെ പ്രതിധ്വനി**

സിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നു. ഇങ്ങനെയുള്ള ജനങ്ങൾ യേശുക്രിസ്തു തന്റെ ജീവിതത്തിൽ കടന്നുവരുന്നത് വേദനാജനകമല്ല എന്ന് ചിന്തിക്കുന്നു. മാനസാന്തരത്തിന്റെ ആവശ്യകതയെക്കുറിച്ച് ശക്തനായ പ്രാസംഗികൻ സി.എച്ച്. സ്പർജൻ താഴെപറയുന്ന രീതിയിൽ വിവരിക്കുകയുണ്ടായി.

"ഈയിടയായി ഞാൻ ദുഃഖരമായ അനുതാപം ഉണ്ടെന്ന് വിശ്വസിക്കുന്നു എങ്കിലും ഞാൻ അതിനെക്കുറിച്ച് കൂടുതൽ കേട്ടിട്ടില്ല. ഇക്കാലത്ത് ജനങ്ങൾ വിശ്വാസത്തിലേക്ക് എടുത്തുചാടുകയാണ് - അനുതാപം മരിച്ചിട്ടില്ല എന്ന് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നു. ഞാൻ മാനസാന്തരത്തെ തീവ്രമായി സ്നേഹിക്കുന്നു, അത് വിശ്വാസത്തിന്റെ ഇരട്ട സഹോദരിയാണെന്ന് എനിക്കു തോന്നുന്നു. കണ്ണു നനയാത്ത വിശ്വാസത്തെക്കുറിച്ച് ഞാൻ അധികമായി മനസ്സിലാക്കുന്നു. ഞാൻ കുരിശിലൂടെയും കണ്ണുനീരിലൂടെയുമാണ് ഈ വിശ്വാസത്തിലേക്ക് കടന്നു വന്നത് എന്ന് എനിക്ക് അറിയാം. ഞാൻ കാൽവരിയിലേക്ക് വിശ്വാസത്തിലൂടെ കടന്നുവന്നപ്പോൾ കരച്ചിലും പ്രാർത്ഥനയുമായിരുന്നു. എന്റെ ലംഘനങ്ങളെ ഞാൻ ഏറ്റു പറഞ്ഞു. യേശുവിലൂടെ, യേശുവിലൂടെ മാത്രം രക്ഷ കണ്ടെത്തുവാൻ ആഗ്രഹിച്ചു.

**ഞങ്ങളുടെ സഭകൾ സ്ഥാപിതമായപ്പോൾ ആദ്യ വർഷങ്ങളിൽ നിയമം മാത്രം പ്രസംഗിച്ചു.**

എന്തുകൊണ്ടാണ് ഞങ്ങളുടെ സഭകളിൽ ഇത്രയുംകാലം നിയമം പഠിപ്പിച്ചത്? കാരണമെന്തെന്നാൽ സഭയിലുള്ളവരെല്ലാം തങ്ങളെ ക്രിസ്ത്യാനികൾ എന്നു വിളിക്കുന്നു എങ്കിലും മിക്കവരുടെയും ജീവിതത്തിൽ അതിന്റെ പ്രതിഫലനമില്ല എന്നതുതന്നെ. പഴയകാലങ്ങളിൽ ശുശ്രൂഷയുടെ അവസാനത്തിൽ അനേകംപേർ അൾത്താരയ്ക്കുമുമ്പിൽ എത്തുമായിരുന്നു. അവർ ഒരു ഇടയ പ്രാർത്ഥന ആവർത്തിക്കുകയും "വിശ്വാസത്താൽ രക്ഷപ്രാപിക്കുകയും" ചെയ്യുമായിരുന്നു. പക്ഷെ ഇവരിൽ പലരുടെയും ജീവിതത്തിൽ അവരുടെ പാപത്തെക്കുറിച്ച് ബോധം ഉണ്ടായിട്ടില്ല. അവർ ദൈവീകമായ ദുഃഖം അനുഭവിച്ചിട്ടില്ല. അതിനാൽ അവരുടെ ജീവിതത്തിലൂടെ യഥാർത്ഥ മാനസാന്തരം വെളിപ്പെടുത്തുവാൻ സാധിച്ചില്ല.

തീയേറ്റർ അഭിനേതാക്കൾ ഞായറാഴ്ച കടന്നുവന്ന് ക്രിസ്തുവിനെ സാക്ഷീകരിക്കുന്നെങ്കിലും മറ്റു ആറു ദിവസങ്ങളും ദൈവദൂഷണ പരിപാടികളിൽ പങ്കെടുക്കുന്നു. സ്വവർഗ്ഗാനുരാഗികൾ രക്ഷക്കായി പ്രാർത്ഥിച്ചുവെങ്കിലും അവരുടെ ജീവിതശൈലിയിൽ മാറ്റം ഉണ്ടായില്ല. മറ്റുചിലർ യേശുവിനെ ഏറ്റുപറഞ്ഞു എങ്കിലും വ്യഭിചാരം, പരസംഗം, മയക്കുമരുന്ന് ഉപയോഗം എന്നിവ തുടർന്നു. അതുകൊണ്ട് ഞങ്ങൾ പ്രസംഗപീഠത്തിൽ നിന്നും ഇടിവെട്ടുന്നതുപോലെ ശിക്ഷാവിധി പ്രസംഗിച്ചു. ദൈവവചനത്തോടുള്ള എല്ലാ പാപവും, മത്സരവും, അനുസരണക്കേടും തുറന്നു കാട്ടാൻ പരിശുദ്ധാത്മാവ് ഞങ്ങളുടെ ഇടയസംഘങ്ങളെ നയിച്ചു. ഞങ്ങൾ നരകത്തെക്കുറിച്ച് ശക്തമായി പ്രസംഗിച്ചപ്പോൾ അനേകർ സഭ വിട്ടുപോയി. ഞങ്ങൾ സ്വർഗ്ഗത്തെ യഥാർത്ഥമായി വരച്ചുകാട്ടിയപ്പോൾ ക്രിസ്തുവിന്റെ വിശുദ്ധിയുടെ ഭയനാകമായ യാഥാർത്ഥ്യത്തിൽ വിട്ടുവീഴ്ചക്കാർ വിറച്ചു.

അക്കാലത്ത് നിയമങ്ങളെക്കുറിച്ചുള്ള പ്രസംഗം അനിവാര്യമായിരുന്നു. അത് മറഞ്ഞിരിക്കുന്നതും രഹസ്യവുമായ എല്ലാ കാര്യത്തെയും വെളിപ്പെടുത്തുന്ന കണ്ണാടിയാണ്. പാപത്തെക്കുറിച്ചുള്ള അവബോധത്തിലേക്ക് അത് നമ്മുടെ ആലയത്തിലെ ജനങ്ങളെ എത്തിച്ചു. ചിലർ ഓടിപ്പോയപ്പോൾ മറ്റുചിലർ യഥാർത്ഥ മാനസാന്തരത്തിലൂടെ മുന്നോട്ട് ഓടി. അങ്ങനെയുള്ള ഒരാളാണ് നടനായ ഡേവിഡ് ഡേവിസ്. യഥാർത്ഥമായ മാനസാന്തരത്തിലൂടെ അവൻ യേശുവിൽ കീഴടങ്ങി. ഇന്ന് അവനും ഭാര്യയും മേൽക്കുമേൽ അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു സഭ യിസ്രായേലിൽ നടത്തുന്നു. അവർ അവിടെ പത്തുവർഷത്തിലേറെയായി ശുശ്രൂഷിക്കുന്നു.

മാനസാന്തരത്തിന്റെ യഥാർത്ഥ പ്രവൃത്തി സഭകളിൽ നടമാടിക്കൊണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മാവ് കൃപയുടെ മഹത്വം പ്രസംഗിക്കുവാൻ ഞങ്ങളെ നയിക്കുന്നു. പരിശുദ്ധാത്മാവിന്റെ സഹായത്തോടെ പാപത്തിന്മേൽ ശക്തിപ്രാപിച്ച് വിശ്വാസത്തിൽ നടക്കുന്നു. ചുരുക്കത്തിൽ ഞങ്ങൾ വിശുദ്ധരെ കെട്ടിപ്പടുക്കുവാൻ തുടങ്ങി. ഞങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നിയമം മാത്രം പ്രസംഗിക്കുകയും പാപത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുകയും ചെയ്യുന്നതിന്റെ അപകടം ഞങ്ങൾ മനസ്സിലാക്കി. ജനത്തിന് ഈ സന്ദേശം മാത്രം നൽകിക്കൊണ്ടിരിക്കുകയാണെങ്കിൽ അവരുടെ ആശ നശിക്കുന്നു, ഞാൻ ഒരിക്കലും ഉന്നതങ്ങളിൽ എത്തുകയില്ല എന്ന നിരാശാചിന്തയിൽ ആയിത്തീരുന്നു. അവർ കുരിശിലേക്ക് നോക്കി പ്രതീക്ഷ കൈവരിക്കാതെ അന്തർമുഖരായിത്തീരുന്നു.

ഒരു സഭ ദൈവത്തിന്റേതായിത്തീരുമ്പോൾ എപ്പോഴെല്ലാം നിയമം ആവശ്യമായിരിക്കുന്നു എന്ന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് കണ്ടെത്തുന്നോ അപ്പോഴെല്ലാം ന്യായപ്രമാണത്തെക്കുറിച്ച് പ്രസംഗിക്കുവാൻ കഴിയും. എളുപ്പത്തിലുള്ള വിശ്വാസത്തിലേക്ക് ജനങ്ങൾ പോകുന്നത് യേശു കാണുമ്പോൾ അവൻ കാരുണ്യത്തോടും കൃപയോടും നിയമത്തിന്റെ ചാട്ടവാർ കൊണ്ടുള്ള പ്രഹരം തുടങ്ങും. മാനസാന്തരം എന്നത് ഒരു ഒറ്റത്തവണ പരിപാടിയല്ല. ഇത് ചുഴലിക്കാറ്റുമല്ല. ചുഴലിക്കാറ്റ് ഒരിക്കൽ പ്രഹരിക്കുകയും എന്നെന്നേക്കും മറഞ്ഞുപോകുകയും ചെയ്യുന്നു. ഒരിക്കൽ അനുഭവിക്കുകയും പിന്നെ ജീവിതകാലം മുഴുവനും അതിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന പ്രക്രിയയുമല്ല.

സ്പർജൻ ഇങ്ങനെ സാക്ഷ്യപ്പെടുത്തി: "മുപ്പത് വർഷങ്ങൾക്കുമുമ്പ് ഞാൻ രക്ഷകന്റെ അടുക്കൽ എത്തിയപ്പോൾ ഉണ്ടായിരുന്നതിനേക്കാൾ വലിയ ദുഃഖം ഇന്ന് എനിക്കുണ്ടെന്ന് ഞാൻ സ്വതന്ത്രമായി സമ്മതിക്കുന്നു. ഞാൻ രക്ഷിക്കപ്പെട്ടപ്പോൾ ഉണ്ടായതിനെക്കാൾ വെറുപ്പ് ഇപ്പോൾ എനിക്ക് പാപത്തെക്കുറിച്ച് ഉണ്ട്. പാപമാണെന്ന് ഞാൻ അറിയാത്ത ചില കാര്യങ്ങൾ പാപമാണ് എന്ന് ഞാൻ ഇപ്പോൾ അറിയുന്നു. ഞാൻ ആദ്യം ക്രിസ്തുവിലേക്ക് കടന്നുവന്നതിനേക്കാൾ നികൃഷ്ടമായ പ്രവർത്തനങ്ങൾ ഇപ്പോഴുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. പാപത്തെക്കുറിച്ചുള്ള ദുഃഖം ജീവിതകാലം മുഴുവനും നിലനിൽക്കുന്ന മാധുര്യവും മൃദുലതയുമുള്ള ശാശ്വതമായ മഴയാണ്. അവൻ പാപം ചെയ്തുപോയി എന്നത് ശാശ്വതമായ മഴയും സങ്കടവുമാണ്. എല്ലാ സങ്കടവും അയാളിൽ നിന്നും പോകുന്നതുവരെ അയാൾ ദുഃഖിതനായിരിക്കും.

**എഫസോസിലെ സഭയോട് യേശുക്രിസ്തു പറഞ്ഞത് ഞാൻ വിറയലോടെ ശ്രവിക്കുന്നു!**

വെളിപ്പാട് 2 ൽ യോഹന്നാൻ പരാമർശിക്കുന്ന ഏഴു സഭകളെക്കുറിച്ച് നിങ്ങൾക്ക്

ഓർമ്മയുണ്ടായിരിക്കും. അവയിൽ എഫസോസിലെ സഭയെ യേശു വളരെയധികം പ്രശംസിക്കുന്നുണ്ട്. ഞങ്ങളുടെ സഭ എഫസോസിലെ സഭയെപ്പോലെയാണെന്നു കരുതാനാണ് എനിക്കിഷ്ടം. ലോകത്തിലെ ഏറ്റവും ജനബാഹുല്യമുള്ള നഗരങ്ങളിലൊന്നിലെ ഈ സഭയിലെ വിശ്വാസികൾ നീചമായ ദുഷ്ടതയ്ക്കു പിന്നാലെ പോകാതെ ജീവിച്ചു. ജനങ്ങൾ വളരെ ത്യാഗപൂർവ്വം ജീവിക്കുകയും, പാപത്തെ വെറുത്ത് തെറ്റായ ഉപദേശങ്ങൾ സ്വീകരിക്കാൻ വിസമ്മതിച്ചും ജീവിച്ചു. സാത്താന്റെ എല്ലാ പ്രലോഭനങ്ങൾക്കും എതിരായി വിശ്വാസത്തിൽ ശക്തരായും, പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നവരും ആയിരുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും അവിടുത്തെ ജനങ്ങൾക്ക് എന്തോ ഒരു കുഴപ്പം ഉണ്ടെന്ന് യേശുവിന് അറിയാമായിരുന്നു. എന്നാലും ഈ സഭയെ അവൻ വളരെയധികം സ്നേഹിക്കുകയും അത് രാഷ്ട്രങ്ങൾക്ക് വിളക്കായി ശോഭിക്കുന്നു എന്നു പറയുകയും ചെയ്തു. കർത്താവ് അലസമായി ഇരുന്ന് അവരെ മരിക്കാൻ വിടാൻ തയ്യാറല്ലായിരുന്നു. അതുകൊണ്ട് എഫെസ്യരോട് അവൻ ഇങ്ങനെ പറഞ്ഞു: "എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നു ഒരു കുറ്റം നിന്നെക്കുറിച്ച് പറവാനുണ്ട്" (വെളിപ്പാട് 2:4). "നിന്റെ ഉള്ളിൽ കത്തിക്കൊണ്ടിരുന്ന വിളക്കിന്റെ പ്രകാശം കുറഞ്ഞുവരുന്നു. ഒരിക്കൽ നിന്റെ വിശ്വാസത്തെ പ്രചോദിപ്പിച്ചിരുന്ന എന്നോടുള്ള സ്നേഹം കുറഞ്ഞു വരികയാണ്. നഷ്ടപ്പെടുന്നവർക്കായുള്ള എന്റെ ദാഹം നിങ്ങൾ വഹിച്ചവരാണെങ്കിലും ഇപ്പോൾ ഇരുന്ന് പ്രസംഗങ്ങൾ കേൾക്കുന്നതിൽ സംതൃപ്തരാണ്. നിങ്ങളുടെ വ്യക്തിപരമായ ആശങ്കകളിൽ നിങ്ങൾ പൂർണ്ണമായും മുഴുകി എന്നെ നിങ്ങൾ അവഗണിക്കുകയാണ്. നിങ്ങൾ എവിടെ നിന്നുവോ അവിടെ നിന്നും വീണുപോയിരിക്കുന്നു".

യേശുക്രിസ്തു പിന്നീട് അവരോട് പറയുകയാണ്: "നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക" (വാക്യം 5). "പുറകോട്ട് ചിന്തിച്ചു നോക്കിവിൻ! നീ എന്റെ ഭവനത്തിൽ വരികയും വിശുദ്ധരുമായി സമയം ചെലവിടുകയും എന്റെ ഭാരങ്ങളിൽ പങ്കാളിയാകുകയും ചെയ്തിരുന്നു. ഇപ്പോൾ ഞായറാഴ്ചയുള്ള ഒരു മണിക്കൂർ കൊണ്ട് നീ തൃപ്തിയടയുന്നു. അത് നിനക്ക് ധാരാളമാകുന്നു". അതിനാൽ ക്രിസ്ത്യാനിയേ, നീ ഇപ്പോഴും ദൈവത്തിന്റെ അഗ്നിയിൽ തന്നെയാണോ? നീ രക്ഷിക്കപ്പെട്ടപ്പോൾ ദൈവത്തെ സ്നേഹിച്ചതുപോലെ ഇപ്പോഴും സ്നേഹിക്കുന്നുണ്ടോ? അതോ, എല്ലാ ശുശ്രൂഷയും ത്യജിച്ച് ദൈവത്തിന്റെ ഹിതം അറിയുവാനുള്ള ആഗ്രഹം ഇല്ലാതായോ? ദൈവം നിന്നോട് പറയുകയാണ് "നിനക്കെതിരെ എനിക്ക് ചിലത് ഉണ്ട്. നിന്റെ ആദ്യസ്നേഹം നീ ഉപേക്ഷിച്ചിരിക്കുന്നു".

ഈ ഘട്ടത്തിൽ യേശു എന്താണ് പറയുന്നത്? "മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തിചെയ്ക" (വാക്യം 5). അവൻ ഇങ്ങനെ പറയുകയാണ്: നിന്റെ വർദ്ധിച്ചുവരുന്ന നിസ്സംഗതയെക്കുറിച്ച് വിലപിക്കുക. നീ എന്നെ ആദ്യം സ്നേഹിച്ചപ്പോൾ ഉണ്ടായിരുന്നിടത്തേക്ക് നിന്റെ സങ്കടം നിന്നെ കൊണ്ടുവരട്ടെ. യേശുക്രിസ്തു പിന്നീട് അവർക്ക് ഉണ്ടാകാൻ പോകുന്ന അവസ്ഥാന്തരങ്ങളെക്കുറിച്ച് വ്യക്തമാക്കുന്നു. "അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്ന് നീക്കുകയും ചെയ്യും" (വാക്യം 5).

"യേശു ഇവിടെ വ്യക്തമാക്കുന്നത് നാം അനുതപിച്ചില്ല എങ്കിൽ നമുക്ക് നൽകിയിട്ടുള്ള എല്ലാ ആത്മീക അധികാരത്തെയും നീക്കിക്കളയും. നിങ്ങളുടെ നഗരത്തിന്മേലും, സമൂഹത്തിന്മേലും, അയൽ സ്ഥലങ്ങളിന്മേലും നിങ്ങൾക്ക് ഉണ്ടായിരുന്ന എല്ലാ അധികാരവും സ്വാധീനവും ഇതിൽ ഉൾപ്പെടുന്നു. ലോകമെമ്പാടുമുള്ള പല പള്ളികളും അവരുടെ വാതിലുകൾ അടച്ചുകൊണ്ടിരിക്കുകയാണ്. മാനസാന്തരപ്പെടാൻ വിസമ്മതിച്ചതിന്റെ ന്യായവിധിയാണ് ഈ വിളക്കുകൾ അണയുന്നത്. അവരുടെ വിവേചനാധികാരം, ആത്മീയ അനുഗ്രഹങ്ങൾ, ധനസ്ഥിതി, ദൈവീക സാന്നിധ്യം എന്നിവ നഷ്ടപ്പെടുമെന്ന് ദൈവം പറഞ്ഞു. അവർക്ക് ഇപ്പോൾ ജീവനില്ല, മരണപ്പെട്ടു പോയിരിക്കുന്നു. ആകെയുള്ളത് പഴയപ്രതാപത്തിന്റെ ഓർമ്മകൾ മാത്രമാണ്.

അത്തരം പള്ളികളിൽ മുപ്പതുവർഷം മുമ്പ് ഞാൻ പ്രസംഗിച്ചിട്ടുണ്ട്. അക്കാലത്ത് അവിടെ തീഷ്ണതയുള്ള വിശ്വാസികളാൽ നിറഞ്ഞിരുന്നു. ഇന്ന് ഒരു ഡസൻ ആളുകൾ പോലും അവിടെയില്ല. താമസിയാതെ അത് ശൂന്യമാക്കുകയും വാതിലുകൾ അടയ്ക്കപ്പെടുകയും ചെയ്യും. കർത്താവിന്റെ ആത്മാവ് ഇവിടെവിട്ടുപോയി എന്ന് വാതിലുകളിൽ ദൈവം രേഖപ്പെടുത്തും. പ്രിയരേ, ദൈവം ഈ സന്ദേശം വ്യക്തിപരമായി എല്ലാവർക്കുമായി നൽകുകയാണ്. നീ മാനസാന്തരപ്പെടാഞ്ഞാൽ, നീ നിസ്സംഗതയിൽ തുടരുകയാണെങ്കിൽ, നിന്റെ വിളക്ക് ഞാൻ നീക്കം ചെയ്യും. ഇനിമേൽ നിനക്ക് നിന്റെ കുടുംബത്തിലോ സഹപ്രവർത്തകരിലോ ഒരു സ്വാധീനവും ഉണ്ടായിരിക്കുകയില്ല. ഇതാണ് എഫെസ്യ സഭയ്ക്ക് യഥാർത്ഥത്തിൽ സംഭവിച്ചത്. 1000 വർഷത്തിലധികം ഇവർ മാനസാന്തരപ്പെടാനായി ദൈവം കാത്തിരുന്നു. ഒടുവിൽ അവരുടെ പിന്മാറ്റം അവന് സഹിക്കാവുന്നതിലുമപ്പുറമായി.

ചരിത്രകാരനായ ഗിബ്ബൺ ഇങ്ങനെയെഴുതുന്നു: "എഫസോസിലെ ആദ്യത്തെ

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 10232923805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 5 |
| IFSC Code | : | SBIN0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

**വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ** (മത്തായി 24:15)

**യിസഹാക്ക് ആ ദേശത്തു വിതെച്ചു; ആയാണ്ടിൽ നൂറുമേനി വിളവു കിട്ടി; യഹോവ അവനെ അനുഗ്രഹിച്ചു**
(ഉല്പത്തി 26:12)

വിളിയുടെ പ്രതിധ്വനിയുടെ നാമധേയത്തിൽ 1969 മുതൽ ക്രിസ്തീയ സാഹിത്യ ശുശ്രൂഷയിലും സഭാസ്ഥാപനത്തിലും ദൈവം ഞങ്ങളെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ സുവിശേഷം ശക്തിയായി പ്രസംഗിക്കുവാൻ കഴിവുള്ള അനേകം നേതാക്കളെയും ഞങ്ങൾക്ക് ദാനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

1980 ൽ ബൈബിൾകോർ എന്ന നാമത്തിൽ ഒരു വേദപഠന തപാൽ കോഴ്സ് ആരംഭിക്കുവാൻ ദൈവം സഹായിച്ചു. ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകളിലെ പഠനക്രമത്തെക്കുറിച്ച് അക്രൈസ്തവരിൽ നിന്നുപോലും നല്ല പ്രതികരമാണ് ഉണ്ടായത്. എല്ലാദിവസവും അനേകം ബുക്കുകൾ തപാലിൽ അയക്കേണ്ടതുണ്ടായിരുന്നു. 30,000 കോപ്പികളാണ് ദൈവഹിതത്തിനനുസരിച്ച് അച്ചടിക്കുവാനുള്ള ഓർഡർ ഞങ്ങൾ നൽകിയത്. അങ്ങനെ ഒരു സുപ്രഭാതത്തിൽ മുപ്പതിനായിരം പാഠ്യപദ്ധതി പുസ്തകങ്ങൾ അച്ചടിച്ച് ഞങ്ങളുടെ പക്കൽ എത്തിച്ചുതന്നു

ക്രിസ്തീയ ശുശ്രൂഷയുടെ വികസനം ഇഷ്ടമില്ലാത്ത ഞങ്ങളുടെ വീട്ടുടമസ്ഥൻ ഞങ്ങളുടെ ഓഫീസിൽ ഈ പുസ്തകങ്ങൾ വയ്ക്കുവാൻ സമ്മതിച്ചില്ല. ഈ പുസ്തകങ്ങൾ സൂക്ഷിക്കുവാൻ വാടകയ്ക്ക് ഒരു ഇടം ലഭിക്കുവാൻ അന്വേഷണം ആരംഭിച്ചെങ്കിലും വിജയിച്ചില്ല. ഒരു വഴി തുറന്നു തരുവാൻ ഞങ്ങൾ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ശ്രീരാമലിംഗം, അദ്ദേഹത്തിന്റെ പത്നി ശ്രീമതി സരൾ സരസ്വതി എന്നിവരുമായി ദൈവം ഞങ്ങളെ അടുപ്പിച്ചു. അവർ മദ്രാസിൽ താമസിക്കുകയായിരുന്നു. ഈ ബുക്കുകൾ സുരക്ഷിതമായി വയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവരോട് സംസാരിക്കുവാൻ ദൈവം പ്രേരണ നൽകി. ദൈവം അവരോട് സംസാരിച്ചതിനാൽ ഈ ബുക്കുകൾ അവരുടെ ഭവനത്തിൽ സൂക്ഷിക്കുവാൻ അനുവാദം നൽകി. ആവശ്യമുള്ളപ്പോൾ ഞങ്ങൾ അവിടെ പോയി പുസ്തകങ്ങൾ എടുക്കുമായിരുന്നു. ദൈവം ആ കുടുംബത്തെ പ്രത്യേകമായ രീതിയിൽ അനുഗ്രഹിച്ചു.

ദൈവം ഞങ്ങൾക്ക് വിദ്യാലയം തുടങ്ങുവാനുള്ള കെട്ടിടവും ബൈബിൾ കോളേജിന് ഒരു പ്രത്യേക കെട്ടിടവും നൽകി അനുഗ്രഹിച്ചു. ഈ കെട്ടിടത്തിൽ അനേകം പുസ്തകങ്ങൾ സൂക്ഷിക്കുവാനാവശ്യമായ വിശാലമായ സ്ഥലവുമുണ്ടായിരുന്നു. ദൈവം ഒരു അച്ചടിശാല ഞങ്ങൾക്ക് ദാനം ചെയ്തതിലൂടെ അനേകം ഭാഷകളിലുള്ള സുവിശേഷ സാഹിത്യം അച്ചടിക്കുവാനും, സൂക്ഷിക്കുവാനും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് തപാലിൽ അയയ്ക്കുവാനും സാധിച്ചു. ഞങ്ങളുടെ കണ്ണുനീരും പ്രാർത്ഥനയും ദൈവം ശ്രവിച്ച് അതിനു മറുപടി നൽകി അനുഗ്രഹിച്ചു.

പ്രിയ വായനക്കാരേ, കർത്താവായ യേശു ഇന്നും ജീവിക്കുന്നു. നിങ്ങളുടെ ജീവിതത്തിലും അവൻ അത്ഭുതങ്ങൾ പ്രവർത്തിക്കും. അനേകം പ്രശ്നങ്ങളിലൂടെയാണ് നിങ്ങളുടെ ജീവിതം കടന്നു പോയിക്കൊണ്ടിരിക്കുന്നതെങ്കിലും തളർന്നു പോകരുത്. ഒരു അത്ഭുതത്തിനായി അവനിൽ വിശ്വസിപ്പിൻ. നിങ്ങൾ വിജയിക്കും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

---

...8-ാം പേജിന്റെ തുടർച്ച

മെഴുകുതിരി കെടുത്തപ്പെട്ടു. അയോണിയയിലെയും ലിഡിയയിലെയും നിഷ്ഠൂരന്മാരായ പ്രഭുക്കന്മാർ ക്രിസ്തുമതത്തിന്റെ അവശിഷ്ടങ്ങൾ ചവിട്ടി മെതിച്ചു. ഫിലാഡൽഫിയായിലെ പള്ളി മാത്രമാണ് ഇപ്പോൾ നിവർന്നിരിക്കുന്നത്". ഈ വാക്കുകൾ നാം വായിക്കുമ്പോഴും യേശു നമ്മോടുള്ള ഉദ്ബോധനം ഈ രീതിയിൽ അവസാനിപ്പിച്ചുകളയും എന്നു നാം ഭയപ്പെടേണ്ടതില്ല. വിജയിക്കുക എന്നതാണ് ദൈവഹിതം. "ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും" (വെളിപ്പാട് 2:7).

പ്രിയ വിശ്വാസിയേ, യേശു നമ്മോടു പറയുകയാണ്: "നിങ്ങൾ പശ്ചാത്താപിക്കുകയാണെങ്കിൽ ഞാൻ നിങ്ങൾക്കു സ്ഥിരമായ ജീവിതം നൽകും. നിങ്ങൾ എന്നെ സ്നേഹിക്കുന്നത് തുടരുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് അമാനുഷമായ ജീവിതത്തിന്റെ പകർച്ച നൽകും. ജനങ്ങളോടുള്ള നിങ്ങളുടെ സ്നേഹം, എന്റെ രാജ്യത്തിന്റെ നന്മക്കായുള്ള നിങ്ങളുടെ പ്രവൃത്തികൾ എന്നിവയാൽ ഞാൻ നിങ്ങളുടെ ജീവിതത്തിൽ ആവശ്യമായവ പ്രദാനം ചെയ്യും. യേശുവിനോട് യഥാർത്ഥ സ്നേഹം ഉള്ളവരെ വേർതിരിക്കുന്ന വിശേഷണമാണ് ഇത്. അത്തരത്തിലുള്ള വിശ്വാസിയുടെ ജീവിതം നിറഞ്ഞതും എല്ലാവർക്കും പ്രത്യക്ഷവും ആയിരിക്കും.

നിങ്ങളുടെ ദൈവീകമായ ദുഃഖം, അനുതാപ ഹൃദയം, അവനോടുള്ള നിങ്ങളുടെ പുതുക്കിയ സ്നേഹം എന്നിവ നിങ്ങൾക്ക് ജീവൻ പ്രദാനം ചെയ്യുമെന്ന് യേശു വാഗ്ദത്തം ചെയ്യുന്നു. അതിനാൽ ഇപ്പോൾ തന്നെ അവനോട് പ്രാർത്ഥിപ്പിൻ: "കർത്താവേ മാനസാന്തരത്തിന്റെ ഹൃദയം എനിക്കു നൽകേണമേ. എനിക്ക് അങ്ങയുമായി ആദ്യം ഉണ്ടായിരുന്ന സ്നേഹത്തിന്റെ പദവിയിലേക്ക് എന്നെ തിരികെ കൊണ്ടുപോകേണമേ. പിതാവേ, ഞാൻ എപ്പോഴും ഉണ്ടായിരുന്നതിനേക്കാൾ ആഴമായ സ്നേഹത്തിലേക്ക് എന്നെ നയിക്കേണമേ. നിങ്ങൾ പശ്ചാത്തപിക്കുകയാണെങ്കിൽ, പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ മഹത്വത്തിന്റെ പുതിയ വെളിപ്പാട് നിങ്ങൾക്കു തരുവാൻ ആരംഭിക്കും. ആമേൻ!

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

# വിളിയുടെ പ്രതിധ്വനി

16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ

**വാർഷിക വരിസംഖ്യ : 100/– രൂപ**

**ആയുഷ്കാല വരിസംഖ്യ : 2000/– രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും സംഭാവനയുമാണ് വിളിയുടെ പ്രതിധ്വനിയുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ വിളിയുടെ പ്രതിധ്വനി പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

വിളിയുടെ പ്രതിധ്വനി മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്കെഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്. നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം (ഡി.ഡി., ചെക്ക്, മണി ഓർഡർ തുടങ്ങിയവ) താഴെ കാണുന്ന വിലാസത്തിൽ അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.echoofhiscall.com
YOU CAN SEND YOUR DONATIONS ON ONLINE ALSO

# AN URGENT GOOD NEWS!



Our Residential



**NEHEMIAH BIBLE COLLEGE !!**

re opens *from* 01-06-2021

One Year DIPLOMA COURSE!!!

Hindi & English Medium

@

Velachery, Chennai.

## EVENING BIBLE COLLEGES

(2 Centres – Tamil Medium)

1. **NEHEMIAH BIBLE COLLEGE,**
   ECHO OF HIS CALL, 10, Mohammed Abdullah 2nd Street, Bells Road, Chepauk, Chennai - 600 005, India.
2. **ST. PAUL'S COMPLEX,**
   8/18, Velachery Main Road, Santhoshapuram, Vijayanagaram Bus Stop, Medavakkam, Chennai - 600 100.

CONTACT IMMEDIATELY :

**Rev. ALEX SAMSON SAM, Director**

Cell : 98412 71858 / 98410 71858

e.mail : sam@echoofhiscall.org

The details of our Bank Accounts are given below. Please inform us the details of your remittance.

| Bank | Branch | Name | IFSC Code No. | Account Number |
|---|---|---|---|---|
| 1. STATE BANK OF INDIA | Triplicane, Chennai -5 | S. Sam Selva Raj | SBIN 0000249 | 102329 34679 |
| 2. ICICI BANK | Anna Salai, Chennai -2 | Echo of His Call | ICIC 0006038 | 6038 05022319 |

Regd. with the Registrar of Newspapers for India under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month
Posted at "Egmore RMS / 1 Patrika Channel"
on 4th MARCH, 2021.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from 18, Mohammed Abdullah Sahib Street, Chepauk, Chennai-600 005 and printed by him at **Echo of His Call Printers** 18, Mohammed Abdullah Sahib Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**